## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ .3691** — **17/10/2011 .ൽ മറുപടിയ്ക്ക്**

# നൂറ് ദിന കർമ്മ പരിപാടി - ജലവിഭവ വകുപ്പ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എം.ആരിഫ്. | **ശ്രീ. പി .ജെ.ജോസഫ്**<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| എ) നൂറ്ദിന കർമ്മപരിപാടിയുമായി ബന്ധപ്പെട്ട് ജലവിഭവ വകുപ്പ് എന്തെല്ലാം പരിപാടികളാണ് ആവിഷ്കരിച്ചതെന്നും എന്തെല്ലാമാണ് നടപ്പിലാക്കിയത് എന്നും വിശദമാക്കാമോ? | എ) **ചീഫ് എഞ്ചിനീയർ, ജലസേചനവും ഭരണവും കീഴിൽ** നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ ലിസ്റ്റ് **അനുബന്ധം -1 -ൽ ചേർത്തിരിക്കുന്നു.**<br><br>**ചീഫ് എഞ്ചിനീയർ, പ്രോജക്ട് 2-ന്റെ കീഴിൽ** നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ കീഴിലുള്ള പിറവം ഇൻസ്പെക്ഷൻ ബംഗ്ലാവിന്റെ ഉദ്ഘാടനം കഴിഞ്ഞു. കെട്ടിക്കിടക്കുന്ന ഫയലുകളിന്മേൽ തീർപ്പാക്കൽ നടപടി സ്വീകരിച്ചു. പെരിയാർ വാലി ഇറിഗേഷൻ പ്രോജക്ടിന്റെ കീഴിലുള്ള ഇരമല്ലൂർ, മേത്തല എന്നീ ലിഫ്റ്റ് ഇറിഗേഷൻ പൂർത്തീകരിച്ചു. വകുപ്പ് അദ്ധ്യക്ഷന്മാരുടെ സ്വത്തു വിവരം പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.<br>**ഭൂജല വകുപ്പ് ഡയറക്ടറുടെ കീഴിൽ** നൂറുദിന കർമ്മ പരിപാടിയുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച പദ്ധതികളുടെയും നടപ്പിലാക്കിയ പദ്ധതികളുടെയും വിശദ വിവരം **അനുബന്ധം 2 -ൽ ചേർക്കുന്നു.** |

**മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റിയുടെ കീഴിൽ** നൂറുദിന കർമ്മ പരിപാടിയിൽ 21 പദ്ധതികളാണ് ആവിഷ്കരിച്ചത്. ഇവയിൽ ഒൻപത് പദ്ധതികൾ പൂർണ്ണമായും മൂന്ന് പദ്ധതികൾ ഭാഗികമായും നടപ്പിലാക്കി. വിശദാംശം **അനുബന്ധം - 3 –ൽ** ചേർത്തിരിക്കുന്നു.

**ചീഫ് എഞ്ചിനീയർ, ഐ.ഡി. ആർ.ബിയുടെ കീഴിൽ** നൂറുദിന കർമ്മ പരിപാടികളുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ ചുവടെ കൊടുക്കുന്നു.

1) പീച്ചി ജലസേചന പദ്ധതിയുടെ ബഞ്ച് മാർക്കിംഗ് - 2011 ഡിസംബറോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2) പീച്ചി ടൂറിസം വികസന പ്രവർത്തനങ്ങൾ –പൂർത്തീകരിച്ചു കഴിഞ്ഞു.

3) പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് നൽകുമെന്ന് പ്രഖ്യാപിച്ചു- ഫീസിബിലിറ്റി. റിപ്പോർട്ട് empowered committee മുമ്പാകെ 01/08/2011–ന് സമർപ്പിച്ചിട്ടുണ്ട്. ഈ കാര്യാലയത്തിൽ 31/03/2011–ന് ഉണ്ടായ ഒഴിവുകൾ പി. എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു. വകുപ്പു തലവന്മാരുടെ സ്വത്ത് വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നത് സംബന്ധിച്ച് ഈ കാര്യാലയത്തിലെ ചീഫ് എഞ്ചിനീയറുടെ സ്വത്ത് വിവരങ്ങൾ സർക്കാരിൽ ലഭ്യമാക്കിയിട്ടുണ്ട്. കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, പീച്ചി ഡയറക്ടറുടെ ഓഫീസിൽ പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചു.

**ജലനിധിയുടെ കീഴിൽ** രണ്ടാം ഘട്ട പദ്ധതി ആരംഭിക്കുന്നതിനു വേണ്ടി പദ്ധതി രൂപരേഖ തയ്യാറാക്കുക,

ലോകബാങ്കുമായി Negotiation നട
പടികൾ പൂർത്തിയാക്കി കരാർ ഒപ്പി
ടുക എന്നിവ നൂറുദിന കർമ്മ പരിപാ
ടിയിൽ ബന്ധപ്പെട്ട് ഉൾപ്പെടുത്തിയി
രുന്നു. പദ്ധതി രൂപ രേഖ തയ്യാറാ
ക്കുകയും കരട് ലോക ബാങ്ക് അം
ഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

Negotiation 2011 ഒക്ടോബർ അവ
സാനത്തോടുകൂടി പൂർത്തിയാകും.
തുടർന്ന് കരാർ ഒപ്പിടുന്നതാണ്.

**ചീഫ് എഞ്ചിനീയർ, പ്രോജക്ട്-1 ന് കീഴിൽ** നൂറ്ദിനകർമ്മ പരിപാടിയി
ലുൾപ്പെട്ട പാലക്കാട് ജില്ലയിലെ പല
കപാണ്ടി ഡൈവേർഷൻ സ്കീമും
മലമ്പുഴ ഗാർഡന്റെ നവീകരണവും
അവസാനഘട്ടത്തിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.